13
2025
നവംബർ
വ്യാഴം
തുലാം 27

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 283 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-283 | പേജ് 4. വില 2.00 രൂപ






02 വെട്ടുകാട് മാദ്രെ ദെ ദേവൂസ് പള്ളിയിൽ തിരുനാൾ
03 വാർഡുകളിൽ ഇനി തെരഞ്ഞെടുപ്പു ലഹരി
04 സ്വർണം ചെമ്പാക്കിയത് വാസു തന്നെ: റിമാൻഡ് റിപ്പോർട്ട്


# കൊല്ലത്തു നിന്നു മീൻപിടിക്കാൻ പോയ ബോട്ടുകൾക്കു നേരെ ആക്രമണം

കൊല്ലം : കൊല്ലത്തുനിന്ന് മത്സ്യബന്ധനത്തിന് പോയ ബോട്ടുകൾക്ക് നേരെ ആക്രമണം. തമിഴ്നാട്ടിലെ ബോട്ടുകാരാണ് ആഴക്കടലിൽ വെച്ച് മത്സ്യത്തൊഴിലാളികളെ ആക്രമിച്ചത്.

ആക്രമണത്തിൽ കൊല്ലം സ്വദേശികളുടെ ആറ് ബോട്ടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും മൂന്ന് ബോട്ടുകളിലെ നാല് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. . ഇരുമ്പ് റോളറുകളും റബ്ബർ ബുഷുകളും ഉപയോഗിച്ചാണ് ആക്രമണം നടത്തിയത്. കേരളത്തിന്റെ നീല ബോട്ടുകൾ ആഴക്കടലിൽ പ്രവേശിക്കരുതെന്നാണ് തമിഴ്നാട് മുട്ടം കുളച്ചിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളുടെ വാദം.



ശക്തികുളങ്ങര ഹാർബറിൽ നിന്ന് 8 ദിവസം മുൻപ് പോയ 6 ബോട്ടുകൾക്കു നേരെയാണ് ഇന്നലെ വൈകിട്ടോടെ തമിഴ്നാട് കുളച്ചൽ ഭാഗത്തുവച്ച് ആക്രമണമുണ്ടായത്.

കുളച്ചലിനു തെക്കായി 61 നോട്ടിക്കൽ മൈൽ അകലെയായിരുന്നു ബോട്ടുകൾ ഉണ്ടായിരുന്നത്. കുളച്ചൽ, മുട്ടം ഭാഗങ്ങളിൽ നിന്നുള്ള മുപ്പതോളം ബോട്ടുകൾ വന്ന് ആക്രമിക്കുകയായിരുന്നെന്ന് മത്സ്യത്തൊഴിലാളികൾ പറഞ്ഞു. ഇരുമ്പിന്റെ കട്ടകൾ എറിയുകയാണ് ആദ്യം ചെയ്തത്. ഇതിൽ ബോട്ടുകളുടെ ചില്ലുകൾ തകർന്നു. ഇവരുടെ ബോട്ടുകൾ ഉപയോഗിച്ച് ബോട്ടിനെ ഇടിച്ചു. ശേഷം ഉള്ളിൽ കയറി ബോട്ടുകൾ തല്ലിത്തകർക്കുകയും ചില്ലുകഷണങ്ങൾ ഉപയോഗിച്ച് തൊഴിലാളികളെ പരുക്കേൽപ്പിക്കുകയും ചെയ്തു. ബോട്ടിലുണ്ടായിരുന്ന മത്സ്യങ്ങൾ മുഴുവൻ പുറത്തെറിയുകയും ചെയ്തു.

കേരളത്തിൽ നിന്നുള്ള നീലബോട്ടുകാർ ഇവിടെ മത്സ്യബന്ധനം നടത്തേണ്ട എന്നാണ് അക്രമികൾ പറഞ്ഞത്. തുടർന്ന് ഇന്ന് ഉച്ചയ്ക്ക് 12 മണിയോടെ തൊഴിലാളികൾ തിരികെ തീരത്തെത്തി. നാലു തൊഴിലാളികൾക്കാണ് പരുക്കുള്ളത്. എല്ലാ ബോട്ടിൽ നിന്നും 2 ലക്ഷം രൂപയുടെയെങ്കിലും മത്സ്യം നഷ്ടപ്പെട്ടെന്ന് തൊഴിലാളികൾ പറയുന്നു. ഇടിയേറ്റ ബോട്ടിന് 10 ലക്ഷത്തോളം രൂപയുടെ നഷ്ടമുണ്ട്.

## പിഎം ശ്രീ: തുടർ നടപടികൾ നിർത്തിവെക്കണമെന്ന് കേരളം; കേന്ദ്രത്തിന് കത്തയച്ചു

തിരുവനന്തപുരം: പിഎം ശ്രീ പദ്ധതിയിൽ തുടർ നടപടികൾ നിർത്തിവെക്കണമെന്ന് ആവശ്യപ്പെട്ട് കേരളം കേന്ദ്രത്തിന് കത്തയച്ചു. മന്ത്രിസഭാ യോഗത്തിലാണ് മുഖ്യമന്ത്രി കത്തിന്റ കാര്യം അറിയിച്ചത്. ഇന്ന് രാവിലെയാണ് വിദ്യാഭ്യാസ വകുപ്പ് കത്ത് നൽകിയത്

സിപിഐയുടെ എതിർപ്പിനെ തുടർന്നാണ് സർക്കാർ പദ്ധതിയിൽനിന്ന് പിൻവാങ്ങാൻ തീരുമാനിച്ചത്. മന്ത്രിസഭാ ഉപസമിതിയെ വിഷയം പഠിക്കാൻ നിയോഗിച്ചിട്ടുണ്ടെന്നും കേന്ദ്രത്തിനയച്ച കത്തിൽ പറയുന്നു. പിഎംശ്രീ പദ്ധതിയിൽ ഒപ്പുവെച്ച ധാരണാപത്രം മരവിപ്പിക്കാനുള്ള സംസ്ഥാന സർക്കാർ തീരുമാനം വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി കേന്ദ്രത്തെ അറിയിച്ചിരുന്നു. കഴിഞ്ഞ ദിവസം ഡൽഹിയിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാനുമായുള്ള കൂടിക്കാഴ്ചയിലാണ് ശിവൻകുട്ടി സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കിയത്. പിഎം ശ്രീമരവിപ്പിക്കുന്നതിന് കത്തയക്കുന്നകാര്യത്തിലെ ഉറപ്പ് പാലിക്കപ്പെട്ടില്ലെങ്കിൽ അപ്പോൾ കാണാമെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞിരുന്നു. എൽഡിഎഫ് തീരുമാനം അക്ഷരം പ്രതി നടപ്പാക്കപ്പെടുമെന്നും കത്ത് നൽകാൻ പ്രത്യേകം മുഹൂർത്തം നിശ്ചയിച്ചിട്ടില്ലെന്നും ബിനോയ് വിശ്വം വ്യക്തമാക്കിയിരുന്നു.

## ഗതാഗതം ഭാഗികമായി തടസ്സപ്പെടും

പൂജപ്പുര തിരുമല റോഡിൽ പൂജപ്പുരയ്ക്കു സമീപം പൂർണമായും തകർന്ന കലുങ്ക് പുനർനിർമ്മാണ പ്രവൃത്തി നടക്കുന്നതിനാൽ നവംബർ 13 മുതൽ ഡിസംബർ 12 വരെ ഈ ഭാഗത്തുള്ള വാഹന ഗതാഗതം ഭാഗികമായി തടസ്സപ്പെടും. തിരുമല ഭാഗത്ത് നിന്നും പൂജപ്പുര ഭാഗത്തേക്ക് പോകേണ്ടുന്ന വാഹനങ്ങൾ പാങ്ങോട് ഇടപ്പഴിഞ്ഞി ജഗതി വഴി പോകണം.

## നടന്നത് നീചമായ ഭീകരാക്രമണം, നടപടി വേഗത്തിൽ'; ഇരകൾക്ക് നീതി ഉറപ്പുനൽകുന്നെന്ന് കേന്ദ്രമന്ത്രിസഭ

ന്യൂഡൽഹി: ഡൽഹി ഭീകരാക്രമണത്തെ അപലപിച്ച് കേന്ദ്രമന്ത്രിസഭ. ദേശവിരുദ്ധ ശക്തികളാണ് സ്ഫോടനത്തിന് പിന്നിലെന്ന് മന്ത്രിസഭ ചൂണ്ടിക്കാട്ടി. ഇവരെ കണ്ടെത്താൻ നിർദേശംനൽകി. ഭീകരതയ്ക്കെതിരേ ഒരു വിട്ടുവീഴ്ചയുമുണ്ടാവില്ലെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. സാഹചര്യങ്ങൾ വിലയിരുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗത്തിന് പിന്നാലെയാണ് പ്രതികരണം.

ഡൽഹിയിലേത് നീചമായ ഭീകരാക്രമണമാണെന്ന് കേന്ദ്രമന്ത്രിസഭ പാസാക്കിയ പ്രമേയത്തിൽ വ്യക്തമാക്കുന്നു. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച ദേശവിരുദ്ധ ശക്തികളെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കും. അവരെ സഹായിച്ചവരെയും സ്പോൺസർമാരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇവരെ കണ്ടെത്താനുള്ള നടപടികൾ വേഗത്തിലാക്കണമെന്ന് അന്വേഷണ സംഘത്തോട് നിർദേശം നൽകിയിട്ടുണ്ടെന്നും കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച പ്രമേയത്തിൽ പറയുന്നു.

പഹൽഗാം സംഭവത്തിൽ നിന്ന് വിഭിന്നമായി, ഏതെങ്കിലും ഭീകര സംഘടയുടേയോ രാജ്യതിന്റേയോ പേര് പ്രമേയത്തിൽ പറയുന്നില്ല. മറിച്ച് ദേശവിരുദ്ധ ശക്തികൾ എന്നാണ് പ്രമേയത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടതിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തി പ്രമേയം പാസാക്കുകയും ഇരകൾക്ക് ആദരാഞ്ജലിയർപ്പിച്ച് രണ്ടുമിനിറ്റ് മൗനമാചരിക്കുകയും ചെയ്തു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കാൻ പ്രാർഥിക്കുകയും ചെയ്തു. ഇരകൾക്ക് ഉടനടി സഹായമെത്തിച്ച മെഡിക്കൽ ജീവനക്കാരെയും മറ്റു രക്ഷാപ്രവർത്തകരെയും അഭിനന്ദിക്കുകയും ചെയ്തു.

## ബിഹാറിൽ എൻഡിഎ മുന്നേറ്റമെന്ന് എക്സിറ്റ് പോൾ ഫലങ്ങൾ; ഇന്ത്യ സഖ്യം നൂറിലൊതുങ്ങും

പാട്ന: ബിഹാറിൽ എൻഡിഎയ്ക്ക് ഭരണത്തുടർച്ച പ്രവചിച്ച് എക്സിറ്റ് പോൾ സർവെ. 130 ലേറെ സീറ്റുകൾ എൻഡിഎ നേടുമെന്നാണ് പല എക്സിറ്റ് പോൾ സർവെകളും പ്രവചിക്കുന്നത്.

ടൈംസ് നൗജെവിസി സർവെ പ്രകാരം, എൻഡിഎ 135 മുതൽ 150 സീറ്റുവരെ നേടും. ഇന്ത്യ സഖ്യം 88 മുതൽ 103 സീറ്റുവരെ നേടുമെന്നാണ് പ്രവചനം.

എൻഡിഎക്ക് 130 മുതൽ 138 സീറ്റുവരെ ലഭിക്കുമെന്നാണ് ചാണക്യ സ്ട്രാറ്റജീസ് പ്രവചനം. ഇന്ത്യ സഖ്യം 100 മുതൽ 108 സീറ്റുവരെ നേടുമെന്നും മറ്റുള്ളവർ മൂന്നുമുതൽ ഏഴുവരെ സീറ്റ് നേടുമെന്നും പ്രവചിക്കുന്നു.

മാട്രിസ് പ്രവചനപ്രകാരം, 147 മുതൽ 167 സീറ്റുവരെ നേടു. ഇന്ത്യ സഖ്യം 70 മുതൽ 90 സീറ്റുകൾ വരെ നേടും. മറ്റുള്ളവർ മൂന്ന് സീറ്റുവരെ നേടുമെന്നാണ് പ്രവചനം.

ബിഹാറിൽ രണ്ടാംഘട്ടത്തിൽ 122 മണ്ഡലങ്ങളിലേക്കായിരുന്നു വോട്ടെടുപ്പ് നടന്നത്. നവംബർ ആറിന് നടന്ന ആദ്യഘട്ട വോട്ടെടുപ്പിൽ 65.08 ശതമാനം പോളിങ് ആയിരുന്നു രേഖപ്പെടുത്തിയത്.

പ്രശാന്ത് കിഷോറിന്റെ ജൻസുരാജ് പാർട്ടി ഇന്ത്യ സഖ്യത്തിന് തിരിച്ചടിയാകുമെന്നാണ് എക്സിറ്റ് പോൾ പ്രവചനങ്ങൾ നൽകുന്ന സൂചന. ആർജെഡിയെ പിന്തള്ളി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി ബിജെപി വരുമെന്നും എക്സിറ്റ് പോൾ സർവെ ഫലങ്ങൾ സൂചിപ്പിക്കുന്നു.

ബിഹാറിലെ ഉയർന്ന പോളിങ് ഫലങ്ങൾ സർക്കാർ അനുകൂല വോട്ടായി മാറിയെന്നാണ് എക്സിറ്റ് പോൾ സർവെ നൽകുന്ന സൂചന. വോട്ടെടുപ്പിന് തൊട്ടുമുമ്പ് 75 ലക്ഷം സ്ത്രീകളുടെ അക്കൗണ്ടിലേക്ക് 10, 000 രൂപ വീതം നൽകുമെന്ന എൻഡിഎ പ്രഖ്യാപനങ്ങളും വോട്ട് ഭദ്രമാക്കാൻ സഹായകമായെന്ന് എക്സിറ്റ് പോൾ സർവെ സൂചിപ്പിക്കുന്നു.

## പൊതുതിരഞ്ഞെടുപ്പ്: പ്രചാരണം പരിശോധിക്കാൻ ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കും

പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ നിയമപരമാണോയെന്ന് പരിശോധിച്ച് വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്ക് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുത്തരവായി.

ജില്ലാ തലത്തിൽ വരണാധികാരിയുടെ ചുമതലയില്ലാത്ത അസിസ്റ്റന്റ് കളക്ടർ/ സബ് കളക്ടർ/ ഡെപ്യൂട്ടി കളക്ടറിന്റെ നേതൃത്വത്തിൽ ഒരു സ്ക്വാഡും താലൂക്ക് തലത്തിൽ തഹസിൽദാർ/ ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ക്വാഡും രൂപീകരിക്കാനാണ് നിർദ്ദേശം.

നോട്ടീസുകൾ, ബാനറുകൾ, ബോർഡുകൾ, പോസ്റ്ററുകൾ, ചുവരെഴുത്തുകൾ, മൈക്ക് അനൗൺസ്മെന്റ്, പൊതുയോഗങ്ങൾ, മീറ്റിംഗുകൾ, മറ്റ് സാമൂഹ്യ മാധ്യമങ്ങൾ മുഖേനയുള്ള പ്രചാരണ പരിപാടികൾ എന്നിവയുടെ നിയമസാധുത സ്ക്വാഡ് പരിശോധിക്കും. നോട്ടീസും ലഘുലേഖയും പ്രസിദ്ധീകരിക്കുന്നതും കമാനങ്ങൾ സ്ഥാപിക്കുന്നതും സംബന്ധിച്ച് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കും.

പ്ലാസ്റ്റിക്, ഫ്ലക്സ് മുതലായവയുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയ കമ്മീഷന്റെ ഉത്തരവ്പ്രകാരം തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ ഹരിതചട്ടം പാലിക്കുന്നുണ്ടോയെന്നും സ്ക്വാഡ് പരിശോധിക്കുകയും ലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യും. നിയമപരമല്ലാത്ത പ്രചാരണപരിപാടികൾ ഉടൻ നിർത്തി വയ്പ്പിക്കും. അനധികൃതമായോ നിയമപരമല്ലാതയോ സ്ഥാപിച്ചിട്ടുള്ള നോട്ടീസുകൾ, ബാനറുകൾ, ചുവരെഴുത്തുകൾ, പോസ്റ്ററുകൾ, ബോർഡുകൾ എന്നിവ നീക്കം ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകും. ഇ പ്രകാരമുള്ള നിർദ്ദേശം പാലിക്കുന്നില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും അതിന്റെ ചെലവ് ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും

## കോഴിക്കോട്ട് പുനരധിവാസ കേന്ദ്രത്തിലെ മൂന്ന് പെൺകുട്ടികളെ കാണാതായി; അന്വേഷണം ആരംഭിച്ച് പോലീസ്

കോഴിക്കോട്: നഗരത്തിലെ പുനരധിവാസ കേന്ദ്രത്തിൽ നിന്നു മൂന്ന് പെൺകുട്ടികളെ കാണാതായി. ഫ്രീ ബേർഡ്സ് പുനരധിവാസ കേന്ദ്രത്തിൽ നിന്നുള്ള പെൺകുട്ടികളെയാണ് കാണാതായത്.11, 12,13 വയസുള്ള പെൺകുട്ടികളെയാണ് കാണാതായിരിക്കുന്നത്. ഇവർ രാവിലെ സ്കൂളിലേക്ക് പോയതായിരുന്നു. എന്നാൽ, മൂവരും സ്കൂളിലെത്തിയിട്ടില്ലെന്നാണ് വിവരം.രണ്ട് കുട്ടികൾ നടക്കാവ് ഗേൾസ് സ്കൂളിലും ഒരാൾ ചാലപ്പുറം സ്കൂളിലും ആണ് പഠിക്കുന്നത്.

## 35നും 60നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് 1000 രൂപ; മാനദണ്ഡങ്ങൾ പുറത്തിറക്കി സർക്കാർ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ച സ്ത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി 35 മുതൽ 60 വയസ്സ് വരെയുള്ള സ്ത്രീകൾക്ക് ആയിരം രൂപ ലഭിക്കുന്നതിന് അർഹത നേടുന്നതിനായുള്ള പൊതു മാനദണ്ഡങ്ങൾ സർക്കാർ പുറത്തിറക്കി. തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കാണ് ഇത് സംബന്ധിച്ച അപേക്ഷ നൽകേണ്ടത്.

അപേക്ഷകർ നിലവിലെ ഏതെങ്കിലും സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികളിലൊന്നും അംഗമായിട്ടുള്ളവരായിരിക്കരുത്. 35നും 60നും ഇടയിലുള്ളവർക്ക് അപേക്ഷിക്കാം. റേഷൻ കാർഡ് അഅഥ/ജഒ (മഞ്ഞ കാർഡോ പിങ്ക് കാർഡോ) ആയിരിക്കണം. 60 വയസ്സ് കഴിയുന്ന ഘട്ടത്തിൽ പദ്ധതിയിൽനിന്നു പുറത്താകും. സംസ്ഥാനത്തു സ്ഥിരതാമസം ഉള്ളവർക്ക് മാത്രമായിരിക്കും ആനുകൂല്യം ലഭിക്കും. റേഷൻ കാർഡ് നീല, വെള്ള റേഷൻ കാർഡുകളിലായി തരം മാറ്റപ്പെടുന്ന പക്ഷം അർഹത ഇല്ലാതാകും. ഗുണഭോക്താവിന്റെ മരണശേഷമുള്ള ആനുകൂല്യത്തിന് അവകാശികൾക്ക് അർഹത ഉണ്ടായിരിക്കില്ല.

സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയും നൽകണം. ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് ലൈസൻസ്, പാസ്പോർട്ട് എന്നിവ ഹാജരാക്കാം. 31.34 ലക്ഷം സ്ത്രീകൾ ഗുണഭോക്താക്കളാവുന്ന ഈ പദ്ധതിക്കായി പ്രതിവർഷം 3,800 കോടി രൂപയാണ് സർക്കാർ ചെലവിടുക.




# ചാഞ്ചാടിയാടി വീണ്ടും താഴേക്ക്; പവന് കുറഞ്ഞത് 240 രൂപ, 92,000 രൂപയ്ക്ക് മുകളിൽതന്നെ

കൊച്ചി: സംസ്ഥാനത്ത് വൻ കുതിപ്പിനു ശേഷം സ്വർണവില വീണ്ടും താഴേക്ക്. ഗ്രാമിന് 30 രൂപയും പവന് 240 രൂപയുമാണ് കുറഞ്ഞത്. ഇതോടെ സ്വർണവില ഗ്രാമിന് 11,505 രൂപയിലും പവന് 92,040 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 25 രൂപ കുറഞ്ഞ് 9,465 രൂപയിലെത്തി.

സംസ്ഥാനത്ത് സ്വർണവില ഒരാഴ്ചത്തെ ഇടവേളയ്ക്കുശേഷം തിങ്കളാഴ്ച വീണ്ടും 90,000നു മുകളിലെത്തിയിരുന്നു. പവന് 880 രൂപയും ഗ്രാമിന് 110 രൂപയുമാണ് തിങ്കളാഴ്ച ഉയർന്നത്. പിന്നാലെ ചൊവ്വാഴ്ച ഗ്രാമിന് 225 രൂപയും പവന് 1,800 രൂപയും ഒറ്റയടിക്ക് വർധിച്ചു. എന്നാൽ ഉച്ചയ്ക്കു ശേഷം, ഗ്രാമിന് 40 രൂപയും പവന് 320 രൂപയും കുറയുകയാണുണ്ടായത്.

ഒക്ടോബർ 17നും 21നും രേഖപ്പെടുത്തിയ ഗ്രാമിന് 12,170 രൂപയും പവന് 97,360 രൂപയുമാണ് കേരളത്തിലെ സർവകാല ഉയരം.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70,000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു.ജൂൺ 14ന് ഗ്രാമിന് 25 രൂപയും പവന് 200 രൂപയും വർധിച്ച സ്വർണവില ഗ്രാമിന് 9,320 രൂപയും പവന് 74,560 രൂപയുമെന്ന ചരിത്ര വിലയിലെത്തിയിരുന്നു. പിന്നീട് താഴേക്കുപോയ സ്വർണം ചാഞ്ചാട്ടങ്ങൾക്കൊടുവിൽ വീണ്ടും റിക്കാർഡിലേക്ക് കുതിക്കുകയായിരുന്നു.

ജൂലൈ തുടക്കത്തിൽ 72,160 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിന്റെ വില. ഒമ്പതിന് 72,000 രൂപയായി താഴ്ന്ന് ആ മാസത്തെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ എത്തി. പിന്നീട് വില ഉയരുന്നതാണ് ദൃശ്യമായത്. രണ്ടാഴ്ചയ്ക്കിടെ ഏകദേശം 1,400 രൂപ വർധിച്ച സ്വർണവില വീണ്ടും 73,000 കടക്കുകയായിരുന്നു.

പിന്നാലെ 22ന് വീണ്ടും 74,000 പിന്നിടുകയും 23ന് 75,000 രൂപ പിന്നിട്ട് പുതിയ ഉയരം കുറിക്കുകയും ചെയ്തു. 23ന് സ്വർണവില പവന് 75,040 രൂപയും ഗ്രാമിന് 9,380 രൂപയുമായിരുന്ന സ്വർണവില പിന്നീടുള്ള ദിവസങ്ങളിൽ താഴേക്കുപോകുന്നതാണ് കണ്ടത്.

ഓഗസ്റ്റ് തുടക്കത്തിൽ സ്വർണവില വീണ്ടും കുതിക്കുന്ന കാഴ്ചയാണ് കണ്ടത്. എട്ടിന് ഗ്രാമിന് 9,470 രൂപയും പവന് 75,760 രൂപയുമെന്ന റിക്കാർഡ് ഉയരത്തിലെത്തി. പിന്നീട് 12 ദിവസത്തിനിടെ 2,300 രൂപ കുറഞ്ഞ് ഇടിവോടെയാണ് മാസം അവസാനിപ്പിച്ചത്.

സെപ്റ്റംബർ ഒന്നിനാണ് സ്വർണവില 77,000 കടന്നത്. പിന്നീട്, മൂന്നിന് ചരിത്രത്തിലാദ്യമായി 78,000 രൂപ പിന്നിട്ടു. ആറിന് 79,000 കടന്ന സ്വർണവില ഒമ്പതിന് 80,000 രൂപയും പത്തിന് 81,000 രൂപയും 16ന് 82,000 രൂപയും പിന്നിട്ടു. വൻകുതിപ്പ് ദൃശ്യമായ 23ന് രണ്ടുതവണയായി 1,920 രൂപ കൂടിയതോടെ ഒരേ ദിവസം 83,000 രൂപയും 84,000 രൂപയും പിന്നിട്ട് ചരിത്രംകുറിച്ചു. പിന്നീട് ഒരാഴ്ചത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും കുതിച്ച സ്വർണം 29ന് 85,000 രൂപ പിന്നിടുകയും 30ന് 86,000 രൂപയെന്ന പുതിയ ഉയരം കുറിക്കുകയുമായിരുന്നു.

ഒക്ടോബർ ഒന്നിന് ചരിത്രത്തിലാദ്യമായി 87,000 പിന്നിട്ട സ്വർണവില പിന്നീട് താഴേക്ക് പോകുന്ന കാഴ്ചയാണ് കണ്ടത്. രണ്ടു ദിവസത്തിനിടെ 880 രൂപയുടെ ഇടിവാണുണ്ടായത്. പിന്നാലെ നാലിന് വീണ്ടും 87,000 പിന്നിട്ട സ്വർണം ആറിന് 88,000 രൂപയും ഏഴിന് 89,000 രൂപയും എട്ടിന് 90,000 രൂപയും ഒമ്പതിന് 91,000 രൂപയും കടന്നു. തുടർന്ന് 14ന് ഒറ്റയടിക്ക് 2,400 രൂപ ഉയർന്ന സ്വർണവില 94,000 കടക്കുകയും 17ന് 2,440 രൂപ ഉയർന്ന് 97,000 രൂപയെന്ന നാഴികക്കല്ല് പിന്നിടുകയുമായിരുന്നു. എന്നാൽ പിന്നീട് താഴേക്കുപോയ സ്വർണവില 28ന് 89,000 രൂപയിലും താഴെവീഴുകയായിരുന്നു.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. ഒക്ടോബർ 17ന് അന്താരാഷ്ട്ര സ്വർണവില ട്രോയ് ഔൺസിന് 4,380 ഡോളറിലേക്ക് കുതിച്ചെത്തിയതിനു ശേഷം 3,885 ഡോളർ വരെ കുറഞ്ഞിരുന്നു. റിക്കാർഡ് വില വർധനയ്ക്കു ശേഷം ഏകദേശം പത്ത് ശതമാനത്തിലധികം തിരുത്തൽ വന്നു. നിലവിൽ അന്താരാഷ്ട്ര സ്വർണവില ട്രോയ് ഔൺസിന് ഏഴു ഡോളർ താഴ്ന്ന് 4,107 ഡോളറിലാണ് വ്യാപാരം പുരോഗമിക്കുന്നത്.അതേസമയം, വെള്ളിയുടെ വില മുകളിലേക്കാണ്. ഒരു ഗ്രാം 916 ഹാൾമാർക്ക് വെള്ളിക്ക് രണ്ടുരൂപ ഉയർന്ന് 165 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# വെള്ളിയാഴ്ച വരെ ഇടിയോടു കൂടിയ മഴയ്ക്ക് സാധ്യത; അഞ്ചു ജില്ലകളിൽ യെല്ലോ അലർട്ട്

കൊച്ചി: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ വെള്ളിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും വ്യാഴാഴ്ച തിരുവനന്തപുരം, കൊല്ലം ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

വരുംമണിക്കൂറുകളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ട്.അതേസമയം, കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും; കർണാടക തീരത്ത് മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ഇന്ന് കന്യാകുമാരി പ്രദേശത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

വ്യാഴം, വെള്ളി ദിവസങ്ങളിൽ തെക്കൻ ശ്രീലങ്കൻ തീരം, തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനോട് ചേർന്ന പ്രദേശങ്ങൾ, ഗൾഫ് ഓഫ് മാന്നാർ, അതിനോട് ചേർന്ന കന്യാകുമാരി പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. മേൽപ്പറഞ്ഞ തീയതികളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

# നെയ്യാറ്റിൻകരയിൽ യാത്രക്കാരിൽ ഭീതിവിതച്ചു തെരുവു നായകൾ

നെയ്യാറ്റിൻകര : നെയ്യാറ്റിൻകര നഗരസഭ പരിധിയിൽ ടൗണിൽ പലയിടത്തും തെരുവു നായകളുടെ സാന്നിധ്യം വർധിക്കുന്നു. നഗരസഭ അധികൃതർ ഉചിതമായ നടപടി സ്വീകരിക്കുന്നില്ലെന്ന് ആക്ഷേപം. കെഎസ്ആർടിസി ബസ് സ്റ്റാൻഡിനു സമീപത്തും പൂവാർ റോഡിലും ആലുംമൂട് ജംഗ്ഷൻ, ഊരൂട്ടുകാല മുതലായവിടങ്ങളിലും നിരവധി തെരുവു നായകൾ അലഞ്ഞുതിരിഞ്ഞു നടക്കുന്നതു കാണാം.നഗരസഭ മാലിന്യമുക്തമെന്നു പ്രഖ്യാപിക്കപ്പെട്ടെങ്കിലും പാതയോരങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണതയ്ക്ക് പൂർണമായും പരിഹാരമായില്ലെന്നതു യാഥാർഥ്യമാണ്. പാതയോരങ്ങളിലെ മാലിന്യങ്ങളാണ് തെരുവു നായകളുടെ പ്രധാന ഭക്ഷണം. കുട്ടികൾ ഉൾപ്പെടെയുള്ളവർ കാൽനടയായി യാത്ര ചെയ്യുന്ന കോൺവൻറ് റോഡിലും പരിസരത്തെ ഇടവഴികളിലും തെരുവു നായകൾ വിഹരിക്കുന്നു.ടിബി ജംഗ്ഷനു സമീപം വാഹനയാത്രക്കാരെ തെരുവുനായകൾ ആക്രമിച്ച സംഭവം നാട്ടുകാർ ഭീതിയോടെയാണ് ഓർക്കുന്നത്. നഗരസഭ അധികൃതർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് യാത്രക്കാരും നാട്ടുകാരും ആവശ്യപ്പെട്ടു.

# ഗോൾഡൻവാലി നിധി തട്ടിപ്പ്; ഒളിവിലുള്ളവരെ പിടികൂടാൻ ശ്രമം തുടങ്ങി

പേരൂർക്കട: ഗോൾഡൻ വാലി നിധി തട്ടിപ്പുമായി ബന്ധപ്പെട്ട് ഒളിവിൽക്കഴിയുന്നവരെ പിടികൂടുന്നതിനായി തമ്പാനൂർ പോലീസ് ശ്രമം തുടങ്ങി. ഇന്ത്യയിൽ ഏതെങ്കിലുമൊരു വിമാനത്താവളത്തിൽ പ്രതികൾ എത്തിയാൽ പിടികൂടാനാണ് ശ്രമം നടന്നുവരുന്നത്. തൈക്കാട് പ്രവർത്തിച്ചുവന്ന ഗോൾഡൻ വാലി നിധി എന്ന സ്ഥാപനം നിരവധി പേരിൽ നിന്ന് സ്ഥിര നിക്ഷേപങ്ങൾ സ്വീകരിച്ച് അവ തിരികെ നൽകാതെ കബളിപ്പിക്കുകയായിരുന്നു.

ശാർക്കര സ്വദേശി സാജൻ നൽകിയ പരാതിയിൽ നടന്ന അന്വേഷണത്തിനാണ് സ്ഥാപനത്തിന്റെ എംഡിയായ എം. താര കൃഷ്ണൻ (51) പിടിയിലായത്. ഇവർക്കെതിരേ വീണ്ടും പരാതി വന്നതോടെയാണ് ജാമ്യത്തിലിറങ്ങിയ താര കഴിഞ്ഞദിവസം വീണ്ടും അറസ്റ്റിലായിരുന്നു. ഇവരെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്താൽ ഡയറക്ടർ ബോർഡിലെ മറ്റുള്ളവരുടെ പങ്കിനെക്കുറിച്ച് കൂടുതൽ ചിത്രം വ്യക്തമാകും. ഡയറക്ടർബോർഡിലെ ഒരംഗമായ തോമസ് കുവൈറ്റിലേക്ക് കടന്നതിനാൽ ഇയാളെ പിടികൂടാനായിട്ടില്ല.

തോമസ് ഇനി ഇന്ത്യയിലേക്ക് തിരികെയെത്തുമോയെന്നതിനെക്കുറിച്ച് പോലീസിനു വ്യക്തതകളില്ല. നേരത്തെ ഡയറക്ടർ ബോർഡിലുണ്ടായിരുന്ന ഒരാൾക്കുകൂടി തട്ടിപ്പുമായി പങ്കുണ്ടെന്ന് പോലീസ് അറിയിച്ചു. എന്നാൽ ഇയാളുടെ പേരോ മറ്റു വിവരങ്ങളോ പോലീസ് വ്യക്തമാക്കിയിട്ടുമില്ല. തിരുവനന്തപുരം ജില്ലയിൽ തൈക്കാട് കൂടാതെ മറ്റു നാലു സ്ഥലങ്ങളിലും ആലപ്പുഴയിലെ ഹരിപ്പാടും ശാഖകളുള്ള ഗോൾഡൻ വാലി നിധി നഷ്ടത്തിലേക്കു പോയതോടെയാണ് കസ്റ്റമേഴ്സിന്റെ പണം തിരികെക്കൊടുക്കാനാകാതെ തൈക്കാടുള്ള ശാഖ പൂട്ടേണ്ടിവന്നത്. തുടർന്നു കാനഡയിലേക്ക് രക്ഷപ്പെട്ട താര സ്വദേശത്തേക്കു വരുന്നതിന് ബാംഗ്ലൂർ കെമ്പഗൗഡ എയർപോർട്ടിൽ എത്തിയതായുള്ള രഹസ്യവിവരത്തെ തുടർന്നാണ് അറസ്റ്റിലാകുന്നത്.

# വെട്ടുകാട് മാദ്രെ ദെ ദേവൂസ് പള്ളിയിൽ തിരുനാൾ

തിരുവനന്തപുരം: പ്രശസ്ത തീർഥാടന കേന്ദ്രമായ വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാളിന് ഈ മാസം 14ന് കൊടിയേറും. 14ന് വൈകുന്നേരം 4.30ന് ആരംഭിക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ.ആർ. ക്രിസ്തുദാസ് മുഖ്യ കാർമികത്വം വഹിക്കും. തുടർന്ന് ഇടവക വികാരി റവ. ഡോ. വൈ.എം. എഡിസൻ തിരുനാൾ കൊടിയേറ്റും. തുടർന്ന് ക്രിസ്തുരാജ പാദപൂജ.

15ന് രാവിലെ 5.30ന് ദിവ്യകാരുണ്യ ആരാധനയും ആറിന് ദിവ്യബലിയും. രാവിലെ 11നും ഉച്ചകഴിഞ്ഞ് നാലിന് ഇറ്റാലിയനിലും ദിവ്യബലിയുണ്ടാകും. തുടർന്ന് വൈകുന്നേരം 5.30നും രാത്രി എട്ടിനും ദിവ്യബലി. തുടർന്ന് ഫാ. ജി. ജോസ് വചനപ്രഘോഷണം നടത്തും. 16ന് രാവിലെ 5.30ന് ദിവ്യകാരുണ്യ ആരാധന. രാവിലെ ആറിനും എട്ടിനും 11ന് സീറോ മലബാർ റീത്തിലും ദിവ്യബലി. ഉച്ചകഴിഞ്ഞ് നാലിന് ആംഗ്യഭാഷയിൽ ദിവ്യബലിയുണ്ടാകും. വൈകുന്നേരം അഞ്ചിനും 6.45ന് ഇംഗ്ലീഷിലും എട്ടിന് ഹിന്ദിയിലും ദിവ്യബലി.

17ന് രാവിലെ 5.30ന് ദിവ്യകാരുണ്യ ആരാധന. രാവിലെ ആറിനും 11നും വൈകുന്നേരം അഞ്ചിനും രാത്രി എട്ടിനും ദിവ്യബലിയുണ്ടാകും. 18, 19, 20 തീയതികളിൽ രാവിലെ ആറിനും 11നും വൈകുന്നേരം 5.30നും രാത്രി എട്ടിനും ദിവ്യബലിയുണ്ടാകും. 21 വെള്ളി രാവിലെ 5.30ന് ദിവ്യകാരുണ്യ ആരാധനയും തുടർന്ന് ആറിന് ദിവ്യബലിയും. രാവിലെ 9.30ന് തമിഴിൽ ദിവ്യബലി. രാവിലെ 11നും ഉച്ചകഴിഞ്ഞ് നാലിനും സമൂഹ ദിവ്യബലിയുണ്ടാകും. വൈകുന്നേരം 5.30ന് ആരംഭിക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിക്ക് നെയ്യാറ്റിൻകര രൂപതാധ്യക്ഷൻ ഡോ. സെൽവരാജൻ ദാസൻ മുഖ്യകാർമികനായിരിക്കും.

രാത്രി എട്ടിന് മലങ്കര റീത്തിൽ സമൂഹ ദിവ്യബലിയുണ്ടാകും. 22ന് രാവിലെ ആറിനും 11നും ഉച്ചകഴിഞ്ഞ് നാലിന് ലത്തീൻ റീത്തിലും ദിവ്യബലി. വൈകുന്നേരം 5.30ന് സന്ധ്യാവന്ദന പ്രാർഥന. മുഖ്യകാർമികൻ - മോൺ.ഡോ.സി. ജോസഫ്. വചനപ്രഘോഷണം - മോൺ. ജെയിംസ് കുലാസ്. തുടർന്ന് ക്രിസ്തുരാജ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ഭക്തിനിർഭരമായ പ്രദക്ഷിണം.

നവംബർ 23 ഞായർ രാവിലെ അഞ്ചിനും 7.30നും 9.30നും ഉച്ചകഴിഞ്ഞ് മൂന്നിനും ദിവ്യബലിയുണ്ടാകും. ഇതോടൊപ്പം രാവിലെ 6.30നു തമിഴിലും 8.30നു ജർമനിലും 11.30ന് ഇംഗ്ലീഷിലും ഉച്ചയ്ക്ക് ഒന്നിനു ലത്തീൻ ഭാഷയിലും ദിവ്യബലിയുണ്ടാകും. വൈകുന്നേരം അഞ്ചിന് ജലമാല, ലിറ്റിനി തുടർന്ന് തിരുനാൾ പൊന്തിഫിക്കൽ ദിവ്യബലി. മുഖ്യകാർമികൻ തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് ഡോ.തോമസ് ജെ. നെറ്റോ. തുടർന്ന ദിവ്യകാരുണ്യ പ്രദക്ഷിണം.നവംബർ 28 രാവിലെ 6.15നും ഒൻപതിനു തമിഴിലും 11നും ദിവ്യബലി. തുടർന്ന് ക്രിസ്തുരാജ പാദ പൂജ. ഉച്ചകഴിഞ്ഞ് 3.30നും അഞ്ചിനും ദിവ്യബലി. തുടർന്ന് ഇടവക വികാരി റവ.ഡോ.വൈ.എം. എഡിസൺ തിരുനാൾ കൊടിയിറക്കും.

**ഒരോ വർഷവും അഞ്ച് കുടുംബങ്ങൾക്ക് വീട്**

തിരുവനന്തപുരം: പ്രശസ്ത തീർഥാടന കേന്ദ്രമായ വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാൾ കൊടിയേറ്റിനോടനുബന്ധിച്ച് പാവപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി നിർമിച്ച നാലു വീടുകളുടെ താക്കോൽ ദാനവും നടക്കും. ഓരോ വർഷവും പാവപ്പെട്ട അഞ്ചു കുടുംബങ്ങൾക്ക് വീട് നിർമിച്ചു നൽകുന്നതിനാണ് പദ്ധതിയെന്നും കഴിഞ്ഞ വർഷം നാലു വീടുകളുടെ നിർമാണം പൂർത്തിയാക്കിയതായും ഇടവക വികാരി റവ.ഡോ. വൈ.എം. എഡിസൻ പത്രസമ്മേളനത്തിൽ അറിയിച്ചു.

അധികൃതരിൽനിന്നും നിർമാണത്തിന് അനുമതി ലഭിക്കാത്തതിനെ തുടർന്ന് ഒരു വീടിന്റെ നിർമണം പൂർത്തിയാക്കാനായില്ല. അത് ഉൾപ്പെടെ ഈ വർഷം ആറു വീടുകളുടെ നിർമാണം പൂർത്തിയാക്കുമെന്നും റവ. ഡോ. വൈ.എം. എഡിസൻ പറഞ്ഞു. ഒരു വീടിന് 10 ലക്ഷം രൂപ ചെലവിലാണ് വീടുകളുടെ നിർമാണം പൂർത്തിയാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഈ വർഷത്തെ തിരുനാളിനോടനുബന്ധിച്ചുള്ള വെട്ടുകാട് ഒൻപത് കേന്ദ്രങ്ങളിലാണ് ഗതാഗത സംവിധാനങ്ങൾ ഒരുക്കുന്നത്. തീർഥാടകർക്കായി കെഎസ്ആർടിസി പ്രത്യേക യാത്രാ സൗകര്യമൊരുക്കും. ഭക്തർക്ക് വന്നുപോകുന്നതിന് ആവശ്യമായ എല്ലാ സംവിധാനവും ഒരുക്കിയിട്ടുണ്ട്. 23ന് വൈകുന്നേരം ദേവാലയ പരിസരത്ത് പുഷ്പവൃഷ്ടിക്കായി വിമാനം സജ്ജീകരിച്ചതായും അദ്ദേഹം പറഞ്ഞു. പത്രസമ്മേളനത്തിൽ സഹവികാരി ഫാ. രാജേന്ദ്രൻ, സെക്രട്ടറി പി.എം. സക്കറിയ, വൈസ് പ്രസിഡൻറ് ഡി. ക്രിസ്തുദാസ്, ജനറൽ ക്യാപ്റ്റൻ സോളമൻ വെട്ടുകാട്, ബേസിക് ക്രിസ്റ്റിയൻ കമ്യൂണിറ്റി കോ-ഓർഡിനേറ്റർ എച്ച്.അനിൽ എന്നിവർ പങ്കെടുത്തു.

# ആഡംബര വാഹന മോഷ്ടാവ് പിടിയിൽ

പേരൂർക്കട: ആഡംബര വാഹന മോഷ്ടാവിനെ ഫോർട്ട് എസി സി. ബിനുകുമാറിന്റെ നിർദേശപ്രകാരം സിഐ എസ്.ബി. പ്രവീൺ, എസ്ഐമാരായ സുജോ ജോർജ്, സിബിൻ, സിപിഒമാരായ ഷിബു, സുനിൽ എന്നിവർ ചേർന്നു പിടികൂടി.ബീമാപ്പള്ളി പുതുവൽപുരയിടത്തിൽ സാജിദ് ഖാൻ (25) ആണ് പിടിയിലായത്. ചിറമുക്ക് കഞ്ഞിപ്പുര ഭാഗത്ത് വീടിന്റെ കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന മണക്കാട് സ്വദേശി സൂരജിന്റെ ഉടമസ്ഥതയിലുള്ള യമഹ ആർ15 വി 4 ബൈക്കാണ് പ്രതി കവർന്നത്. ഒക്ടോബർ 31നായിരുന്നു ബൈക്ക് മോഷണം. വാഹനത്തിന്റെ പൂട്ടു തകർത്ത ശേഷം പോർച്ചിൽ നിന്നു കടത്തിക്കൊണ്ടു പോകുകയായിരുന്നു.

ബീമാപ്പള്ളിയിൽ എത്തിച്ച ബൈക്ക് പകുതി പൊളിച്ചനിലയിലാണ് അന്വേഷണസംഘത്തിനു കണ്ടെത്താനായത്. സിസിടിവി ദൃശ്യങ്ങളും ബൈക്കുകൾ പൊളിച്ചുവിൽക്കുന്ന സ്ഥലങ്ങളും കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണമാണ് പ്രതിയിലേക്ക് എത്തിപ്പെടാൻ സഹായകമായത്. അറസ്റ്റിലായ സാജിദ് ഖാനെ കോടതി റിമാൻഡ് ചെയ്തു.

# ഇടുക്കിയിൽ ബസും ജീപ്പും കൂട്ടിയിടിച്ച് അപകടം; 10 പേർക്ക് പരിക്കേറ്റു

ഇടുക്കി: അണക്കരക്ക് സമീപം കടശിക്കടവിൽ ബസും ജീപ്പും കൂട്ടിയിടിച്ച് അപകടം. ഇന്ന് പുലർച്ചെയാണ് അപകടമുണ്ടായത്. സംഭവത്തിൽ 10 പേർക്ക് പരിക്കേറ്റു.

തമിഴ്നാട്ടിൽ നിന്നും ഏലത്തോട്ടത്തിലേക്ക് ഉള്ള തൊഴിലാളികളുമായി എത്തിയ ജീപ്പ് ആണ് അപകടത്തിൽപ്പെട്ടത്. ജീപ്പിന്റെ അമിത വേഗമാണ് അപകടത്തിന് കാരണമെന്നാണ് നിഗമനം.കുമളിയിൽ നിന്നും കട്ടപ്പനയിലേക്ക് പോയ ബസിനു നേരെയാണ് ജീപ്പ് പാഞ്ഞടുത്ത് കൂട്ടിയിടിച്ചത്. ജീപ്പിൽ ആകെ 20 ഓളം പേരാണ് ഉണ്ടായിരുന്നത്. ജീപ്പിന്റെ മുൻഭാഗം പൂർണമായും തകർന്ന നിലയിലാണ്.

# ബിഹാർ തെരഞ്ഞെടുപ്പിന് പിന്നാലെ പാർട്ടി വിട്ട് കോൺഗ്രസ് നേതാവ്

ന്യൂഡൽഹി: ബിഹാർ തെരഞ്ഞെടുപ്പിന് പിന്നാലെ പാർട്ടി വിട്ട് കോൺഗ്രസ് നേതാവ്. കോൺഗ്രസ്നേതാവ് ഷക്കീൽ അഹമ്മദ് ആണ് രാജിവച്ചത്. നേതൃത്വവുമായുള്ള അഭിപ്രായ വ്യത്യാസമാണ് പാർട്ടി വിടാൻ കാരണമെന്ന് രാജിക്കത്തിൽ പറയുന്നു.ഷക്കീൽ അഹമ്മദ് മുൻ എംപിയും 5 തവണ എംഎൽഎയുമായിരുന്നു. കോൺഗ്രസിന്റെ ദേശീയ വക്താവായും പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ മറ്റു പാർട്ടിയിൽ ചേരില്ലെന്നും അന്ത്യം വരെ കോൺഗ്രസ് ആശയങ്ങളിൽ അടിയുറച്ചു നിൽക്കുമെന്നും അഹമ്മദ് വ്യക്തമാക്കി.

# പ്രണയം നടിച്ച് യുവതിയുടെ സ്വകാര്യ ദൃശ്യങ്ങൾ പകർത്തി വിൽപന; യുവാവ് പിടിയിൽ

കോഴിക്കോട്: യുവതിയുടെ സ്വകാര്യ ദൃശ്യങ്ങൾ പകർത്തി പെയ്ഡ് ഗ്രൂപ്പുകളിൽ വിൽപന നടത്തിയ സംഭവത്തിൽ ആൺസുഹൃത്ത് പിടിയിൽ. കൂടരഞ്ഞി സ്വദേശി ക്ലമൻറ് ആണ് സൈബർ ക്രൈം പോലീസിന്റെ പിടിയിലായത്.പരാതിക്കാരിയായ യുവതിയുമായി ക്ലമൻറ് സൗഹൃദം സ്ഥാപിച്ചിരുന്നു. പിന്നീട് പ്രണയം നടിച്ച് വീഡിയോ കോളിംഗ് നടത്തുന്നത് പതിവാക്കി. ഇയാൾ വീഡിയോ കോളിംഗിനിടെ യുവതിയുടെ സ്വകാര്യ ദൃശ്യങ്ങൾ സ്ക്രീൻ റെക്കോർഡ് ചെയ്തിരുന്നു.തുടർന്ന് സമൂഹ്യമാധ്യമങ്ങളിലെ പെയ്ഡ് ഗ്രൂപ്പുകളിൽ പ്രചരിപ്പിച്ച് പണം കൈപ്പറ്റുകയായിരുന്നു. ഇത്തരത്തിൽ പെൺകുട്ടികളെ ചതിച്ച് പണം സമ്പാദിക്കുന്ന സംഘങ്ങളിലെ പ്രധാനിയാണ് പിടിയിലായ ക്ലെമന്റെന്ന് പോലീസ് അറിയിച്ചു.

# ശബരിമല സ്വർണക്കൊള്ള; അന്വേഷണം ഉന്നതങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു, കോൺഗ്രസിന്റെ സെക്രട്ടേറിയറ്റ് മാർച്ച് ഇന്ന്

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ ഉന്നതങ്ങളിലേക്ക് അന്വേഷണം വ്യാപിപ്പിച്ച് പ്രത്യേക അന്വേഷണ സംഘം. 2019ൽ ദേവസ്വം ബോർഡ് അധ്യക്ഷനായ എ. പത്മകുമാർ കേസിൽ പ്രതിപ്പട്ടികയിലുണ്ട്. പത്മകുമാറിന്റെ പ്രൈവറ്റ് സെക്രട്ടറിയെ കഴിഞ്ഞ ദിവസം ചോദ്യം ചെയ്തിരുന്നു.

അക്കാലയളവിലെ സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, മറ്റ് ജീവനക്കാർ എന്നിവരുടെ മൊഴി അമ്വഷണ സംഘം ശേഖരിച്ചു വരികയാണ്. ഇത് പൂർത്തിയായ ശേഷം പത്മകുമാർ അടക്കമുള്ള ബോർഡ് അംഗങ്ങൾക്കെതിരെയുള്ള നടപടികളിലേക്ക് കടക്കും. ചില ഇടനിലക്കാരെയും പ്രതിപ്പട്ടികയിലുള്ള മറ്റ് ചില ഉദ്യോഗസ്ഥരുടേയും അറസ്റ്റിനും സാധ്യതയുണ്ട്.

അതേസമയം, ശബരിമല സ്വർണക്കൊള്ളയിൽ ദേവസ്വം മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് കോൺഗ്രസ് ഇന്ന് സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തും. എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് തദ്ദേശ തെരഞ്ഞെടുപ്പ് പ്രചാരണം ആലോചിക്കാൻ കെപിസിസി ഭാരവാഹികളുടെയും രാഷ്ട്രീയകാര്യ സമിതി അംഗങ്ങളുടെയും എംഎൽഎമാരുടെയും യോഗം ഇന്ദിരാഭവനിൽ ചേരും.

# കഞ്ചാവ് വില്പന: യുവാക്കൾ പിടിയിൽ

നെടുമങ്ങാട്: ആര്യനാട് എക്സൈസ് വെള്ളനാട് ഭാഗത്തു നടത്തിയ റെയ്ഡിൽ കഞ്ചാവ് വില്പന നടത്തുന്ന രണ്ടു യുവാക്കളെ പിടികൂടി. വെള്ളനാട് കണ്ണമ്പള്ളി ഭഗവതിപുരത്തുവച്ചു വെള്ളനാട് ഭഗവതിപുരം ഗാന്ധിജി നഗർ വിനീത് ഭവനിൽ വിനീത് (27 ),

വെള്ളനാട് സ്കൂളിന്റെ പരിസരത്തുള്ള സ്കൈലാൻഡ് ലോഡ്ജിന് മുൻവശത്തുവച്ചു വിളപ്പിൽ ചെറുകോട് കാർത്തിക ഭവനിൽ വിഷ്ണു (33) എന്നിവരെയാണ് പിടികൂടിയത്. കോളജ് വിദ്യാർഥികൾക്കും യുവാക്കൾക്കും ചെറിയ പൊതികളിൽ കഞ്ചാവ് എത്തിച്ചു നൽകുന്നവരാണ് ഇവർ. ഇവരിൽനിന്ന് വില്പനയ്ക്കായി സൂക്ഷിച്ച കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്.

ചില്ലറ വില്പനയ്ക്ക് ഇവർക്ക് കഞ്ചാവ് എത്തിക്കുന്നവരെക്കുറിച്ചു അന്വേഷണം ആരംഭിച്ചു. റെയ്ഡിൽ റേഞ്ച് ഇൻസ്പെക്ടർ എസ്. കുമാറിന്റെ നേതൃത്വത്തിൽ നാസറുദീൻ, ജയശങ്കർ, ശ്രീകുമാർ, നിഷാന്ത്, മുനീർ എന്നിവർ പങ്കെടുത്തു.

# ആറാം വളവിൽ ലോറി കുടുങ്ങി; താമരശേരി ചുരത്തിൽ വീണ്ടും ഗതാഗതക്കുരുക്ക്

കോഴിക്കോട്: താമരശേരി ചുരത്തിൽ വീണ്ടും ഗതാഗതക്കുരുക്ക്. ആറാം വളവിൽ ലോറി കുടുങ്ങിയതിനെ തുടർന്നാണ് ചുരത്തിൽ ഗതാഗതക്കുരുക്ക് ഉണ്ടായത്. യന്ത്രത്തകരാറിനെ തുടർന്ന് പുലർച്ചെ രണ്ടുമണിയോടെയാണ് ലോറി കുടുങ്ങിയത്.

ചുരം സംരക്ഷണ സമിതി അംഗങ്ങളും ഹൈവേ പോലീസും സ്ഥലത്തെത്തിയിട്ടുണ്ട്. നിലവിൽ ഒരുവശത്തുകൂടി വാഹനങ്ങൾ കടത്തിവിടുന്നുണ്ട്.ഒരാഴ്ചയ്ക്കിടെ മൂന്നാംതവണയാണ് ചുരത്തിൽ ലോറി കുടുങ്ങി ഗതാഗതക്കുരുക്കുണ്ടായത്. കഴിഞ്ഞ ദിവസങ്ങളിലും ആറ്, ഏഴ് വളവുകളിൽ ലോറികൾ കുടുങ്ങിയിരുന്നു.

# കട്ടിളപ്പാളിയിലെ സ്വർണം ചെമ്പാക്കിയത് എൻ. വാസു തന്നെ, ഗൂഢാലോചന നടത്തി: റിമാൻഡ് റിപ്പോർട്ട്

പത്തനംതിട്ട: ശബരിമല സ്വർണക്കൊള്ള കേസിൽ മുൻ ദേവസ്വം കമ്മീഷണർ എൻ. വാസുവിനെതിരായ റിമാൻഡ് റിപ്പോർട്ട് പുറത്ത്. കട്ടിളപ്പാളിയിലെ സ്വർണം ചെമ്പാക്കിയത് വാസു തന്നെയാണെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

കട്ടിളപ്പാളിയിലെ സ്വർണം കവർന്ന കേസിലെ മൂന്നാം പ്രതിയാണ് എൻ.വാസു. കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഗൂഢാലോചന, വ്യാജരേഖ ചമയ്ക്കൽ എന്നിവ തെളിഞ്ഞതായി എസ്ഐടി വ്യക്തമാക്കി. വാസുവിന്റെ നിർദേശപ്രകാരമാണ് ഔദ്യോഗിക രേഖകളിൽ തിരിമറി നടന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു.

രേഖകളിൽ ഉണ്ടായിരുന്ന 'സ്വർണം പൊതിഞ്ഞ പാളികൾ' എന്ന ഭാഗം ഒഴിവാക്കി, പകരം 'ചെമ്പ് പാളികൾ' എന്ന് മാറ്റി എഴുതിച്ചേർത്തു. ഇതര പ്രതികളുമായി ചേർന്ന് എൻ. വാസു ഗൂഢാലോചനയിൽ പങ്കെടുത്തെന്നും തെളിഞ്ഞിട്ടുണ്ട്. സ്വർണപ്പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈവശം കൊടുത്തുവിടാനുള്ള ഇടപെടൽ നടത്തിയത് വാസുവാണെന്നും ഇതുവഴി ദേവസ്വം ബോർഡിന് നഷ്ടവും പ്രതികൾക്ക് അന്യായമായ ലാഭവും ഉണ്ടായെന്നും റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു. ഇത്തരത്തിലൊരു തീരുമാനം ദേവസ്വം ബോർഡിന്റെ അറിവോടെയാണെന്നും കണ്ടെത്തലുണ്ട്.

കേസിൽ മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ് കുമാറിന്റെ മൊഴിയാണ് വാസുവിനെതിരേ നിർണായകമായതെങ്കിൽ വാസുവിൽ നിന്നു ലഭിക്കുന്ന വിവരങ്ങളിലൂടെ അന്നത്തെ ദേവസ്വം ബോർഡ് പ്രസിഡൻറും അംഗങ്ങളും കുരുക്കിലാകും.

സിപിഎം പത്തനംതിട്ട ജില്ലാ കമ്മിറ്റി അംഗവും കോന്നി മുൻ എംഎൽഎയുമായ പത്മകുമാറിന്റെ കാലത്തെ ദേവസ്വം ബോർഡ് ശബരിമല കട്ടിളപ്പാളി കേസിൽ എട്ടാം പ്രതിയാണ്. ഇതിൽ ആളുകളുടെ പേരുകൾ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നു മാത്രമാണ് പത്മകുമാറിന്റെ ആശ്വാസം. എന്നാൽ വാസുവിന്റെയും മുൻ തിരുവാഭാരണം കമ്മീഷണർ കെ.എസ്. ബൈജുവിന്റെയും മൊഴിയിൽ പത്മകുമാറിനെതിരായ നിർണായക വിവരങ്ങളുണ്ടെന്നാണ് അറിയുന്നത്.

പത്മകുമാർ സ്ഥാനമൊഴിഞ്ഞപ്പോഴാണ് വാസു പ്രസിഡൻറായത്. ദേവസ്വം ബോർഡ് പ്രസിഡൻറുമാരായി വാസുവിന്റെയും പത്മകുമാറിന്റെയും രാഷ്ട്രീയ നിയമനമായിരുന്നു. അന്വേഷണം ഇവരിലേക്കു നീളുന്നതു തടയാൻ സർക്കാരും സിപിഎമ്മും അണിയറനീക്കങ്ങൾ നടത്തിയതായി വിവരങ്ങൾ പുറത്തുവന്നിരുന്നു.

അന്വേഷണസംഘത്തിന്റെ നീക്കങ്ങൾ നിരീക്ഷിക്കാനും വിവരങ്ങൾ ചോർത്താനും ശ്രമങ്ങൾ നടന്നു. കേസ് ഹൈക്കോടതിയുടെ നേരിട്ടുള്ള കർശന നിരീക്ഷണത്തിലായതാണ് സിപിഎമ്മിന് വിനയായത്.

കേസിൽ ഇതുവരെ അറസ്റ്റിലായ ബോർഡ് പ്രസിഡൻറും ജീവനക്കാരുമെല്ലാം സിപിഎമ്മുകാരാണ്. സംസ്ഥാനം തദ്ദേശ തെരഞ്ഞെടുപ്പിലേക്ക് നീങ്ങവെ അറസ്റ്റുകൾ സിപിഎമ്മിനെ പ്രതിരോധത്തിലാക്കിയിട്ടുണ്ട്. ഇക്കാലയളവിൽ പത്മകുമാറിനെ ചോദ്യം ചെയ്യുകയും അറസ്റ്റിലേക്കു നീങ്ങുകയും ചെയ്താൽ തെരഞ്ഞെടുപ്പുകാലത്ത് പാർട്ടിക്ക് വൻ തിരിച്ചടിയുണ്ടാക്കും. ഇപ്പോൾ തന്നെ പ്രതിപക്ഷം ശക്തമായ സമരവുമായി രംഗത്തുണ്ട്.

2019ൽ സ്വർണക്കവർച്ച നടന്നപ്പോൾ എ. പത്മകുമാറായിരുന്നു പ്രസിഡൻറ് എന്നതിനാൽ അദ്ദേഹത്തിന്റെ ഇടപെടലുകളെ ഒരുവിധത്തിലും മാറ്റിവയ്ക്കാനാകുന്നതല്ല. ചില തീയതികൾ വച്ച് വാസു ഉന്നയിച്ച വാദമുഖങ്ങൾ പോലും വിരൽ ചൂണ്ടുന്നത് പത്മകുമാറിലേക്കാണെന്നും വ്യക്തമാണ്.

# തൃശൂരിൽ സ്കൂളിൽ കയറി അധ്യാപകനെ മർദിച്ച കേസ്: രക്ഷിതാവ് അറസ്റ്റിൽ

തൃശൂർ: പോഴങ്കാവിൽ സ്കൂളിൽ കയറി അധ്യാപകനെ മർദിച്ച കേസിൽ രക്ഷിതാവ് അറസ്റ്റിൽ. ശ്രീനാരായണപുരം പോഴങ്കാവ് സ്വദേശി ചെന്നറ വീട്ടിൽ ധനേഷ് (40) ആണ് അറസ്റ്റിലായത്.പോഴങ്കാവ് സെൻറ് ജോർജ് മിക്സഡ് എൽപി സ്കൂളിലെ അധ്യാപകൻ ആല സ്വദേശി തയ്യിൽ ഭരത് കൃഷ്ണയെയാണ് (25) ധനേഷ് മർദിച്ചത്. തിങ്കളാഴ്ച വൈകുന്നേരം മൂന്നരയോടെ ആയിരുന്നു സംഭവം. ധനേഷിന്റെ മകൻ നാലാം ക്ലാസ് വിദ്യാർഥിയാണ്.തിങ്കളാഴ്ച സ്കൂളിൽ എത്തിയ കുട്ടി അധ്യാപകരോട് പറയാതെ വീട്ടിലേക്ക് മടങ്ങിപ്പോയിരുന്നു. സ്കൂൾ വിടും മുൻപ് പോയ വിദ്യാർഥിയെ അധ്യാപകനായ ഭരത് കൃഷ്ണ വീട്ടിൽ ചെന്ന് സ്കൂളിലേക്ക് തിരിച്ചു കൊണ്ടുവന്നു. ഇതാണ് ആക്രമണത്തിനു കാരണമെന്നു പോലീസ് പറഞ്ഞു.

വൈകുന്നേരം സ്കൂളിൽ എത്തിയ ധനേഷ് ഓഫിസിലേക്ക് അതിക്രമിച്ച് കയറി അധ്യാപകന്റെ മുഖത്തടിക്കുകയും തള്ളിയിടുകയും ചെയ്തു. കൊലക്കേസ് ഉൾപ്പെടെ നാല് ക്രിമിനൽ കേസുകളിൽ പ്രതിയാണ് ധനേഷെന്ന് പോലീസ് വ്യക്തമാക്കി.അധ്യാപകനെ ആക്രമിച്ചതിന് ശേഷം മുങ്ങിയ ധനേഷിനെ നെടുമ്പാശേരിയിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# മ്യൂസിയം വളപ്പും സുരക്ഷിതമല്ല : നടക്കാനിറങ്ങിയ അഞ്ച് പേർക്ക് പേപ്പട്ടിയുടെ കടിയേറ്റു

തിരുവനന്തപുരം: സുരക്ഷിത ഇടമെന്ന് കരുതി തിരുവനന്തപുരം മ്യൂസിയം വളപ്പിൽ നടക്കാൻ ഇറങ്ങിയ അഞ്ചുപേർക്ക് പേപ്പട്ടിയുടെ കടിയേറ്റു. ഇന്നലെ രാവിലെ നടക്കാൻ ഇറങ്ങിയവരിൽ അഞ്ചുപേർക്കാണ് കടിയേറ്റത്.

അഞ്ചു പേരെയും കടിച്ചത് ഒരേ നായ തന്നെയാണെന്നും ഈ നായക്ക് പേവിഷബാധ ഉണ്ടെന്നും സ്ഥിരീകരിച്ചു. കാലിനു പിന്നിലാണ് അഞ്ചുപേർക്കും കടിയേറ്റത്. പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിൽ നടത്തിയ പരിശോധനയിലാണ് നായയ്ക്കു പേവിഷബാധ സ്ഥിരീകരിച്ചത്. പരുക്കേറ്റവർ ജനറൽ ആശുപത്രിയിൽ ചികിത്സ തേടി. നേരത്തെയും നിരവധിതവണ ആക്രമണമുണ്ടായിട്ടും മ്യൂസിയം പരിസരത്തുനിന്നും നായ്ക്കളെ നീക്കം ചെയ്യാൻ നടപടിയില്ലെന്ന് ആക്ഷേപമുണ്ട്.

നഗരത്തിൽ രാവിലെയും വൈകിട്ടുമായി വ്യായാമത്തിനായി വളരെയധികം ആളുകൾ എത്തുന്ന സ്ഥലമാണ് മ്യൂസിയവും കനകക്കുന്നും. വാഹനത്തിരക്ക് ഒഴിവാക്കി സുരക്ഷിതമായി നടക്കാം എന്നതിലാണ് പലരും ഈ സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നത്. തെരുവ് നായയുടെ ആക്രമണം ഉണ്ടായതിനെ തുടർന്ന് മ്യൂസിയം വളപ്പിലേക്ക് ഭക്ഷണ വസ്തുക്കൾ കൊണ്ടുവരുന്നതിന് പൂർണ വിലക്കേർപ്പെടുത്തി.

ബയോസെക്യൂരിറ്റി മേഖല ആയ മ്യൂസിയം കോമ്പൗണ്ടിൽ തെരുവ് നായ ശല്യം പൂർണമായും ഒഴിവാക്കണമെന്ന് മൃഗശാല ഡയറക്ടറുടെ നേതൃത്വത്തിൽ ചേർന്ന് അടിയന്തരയോഗം വിലയിരുത്തി. സുപ്രീംകോടതി നിർദേശം കണക്കിലെടുത്ത് മ്യൂസിയം കോമ്പൗണ്ടിൽ തെരുവ് നായകൾക്ക് ഭക്ഷണം നൽകുന്നവർക്ക് ബോധവത്കരണം നൽകാനും നിയമ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

അതേസമയം തെരുവ് നായയുടെ കടിയേറ്റ മറ്റുള്ള നായ്ക്കളെ തിരുവനന്തപുരം കോർപറേഷൻ എ ബി സി സംഘം പിടികൂടി. 21 ദിവസത്തെ ക്വാറൻറയിനിലേക്ക് മാറ്റി. ഇവയ്ക്ക് വാക്സിനും നൽകും.

# തിരുവനന്തപുരത്തിന് പിന്നാലെ കോട്ടയത്തും എൻഡിഎയിൽ പൊട്ടിത്തെറി; ഒറ്റയ്ക്ക് മത്സരിക്കാൻ ബിഡിജെഎസ്

കോട്ടയം: തിരുവനന്തപുരത്തിന് പിന്നാലെ കോട്ടയത്തും എൻഡിഎയിൽ പൊട്ടിത്തെറി. ഒറ്റയ്ക്ക് മത്സരിക്കാനൊരുങ്ങുകയാണ് ബിഡിജെഎസ്. പള്ളിക്കത്തോട് പഞ്ചായത്തിലെ സീറ്റ് തർക്കമാണ് കാരണം.

കഴിഞ്ഞതവണ എൻഡിഎ വിജയിച്ച പഞ്ചായത്ത് ആണ് പള്ളിക്കത്തോട്. ബിഡിജെഎസ് മെമ്പറുടെ പിൻബലത്തിൽ ആയിരുന്നു പഞ്ചായത്ത് ഭരണം. ബിഡിജെഎസിന് പഞ്ചായത്ത് വൈസ് പ്രസിഡൻറ് സ്ഥാനവും ഉണ്ടായിരുന്നു.

കഴിഞ്ഞ തവണ രണ്ട് സീറ്റുകളാണ് ബിഡിജെഎസിന് നൽകിയത്. ഒരു സീറ്റിൽ വിജയിക്കുകയും ചെയ്തിരുന്നു. ഇത്തവണ സീറ്റുകൾ വർദ്ധിച്ച സാഹചര്യത്തിൽ പഞ്ചായത്തിൽ നാല് സീറ്റുകളും ബ്ലോക്കിലേക്ക് ഒരു സീറ്റുമാണ് ആവശ്യപ്പെട്ടത്.എന്നാൽ ഈ സീറ്റുകളിലൊന്നും തങ്ങളോട് ചോദിക്കാതെ ബിജെപി സ്വന്തം നിലക്ക് സ്ഥാനാർഥികളെ പ്രഖ്യാപിച്ച് പ്രചരണം ആരംഭിച്ചെന്നാണ് ബിഡിജെഎസിന്റെ പരാതി.ഇത്തവണ പള്ളിക്കത്തോട് പഞ്ചായത്തിൽ അഞ്ച് സീറ്റിൽ ഒറ്റയ്ക്ക് മത്സരിക്കാനാണ് ബിഡിജെഎസ് ആലോചന. സീറ്റ് നൽകാത്ത പഞ്ചായത്തുകളിൽ എല്ലാം ഒറ്റയ്ക്ക് മത്സരിക്കുമെന്നും ബിഡിജെഎസ് ജില്ലാ പ്രസിഡന്റ് സുരേഷ് ഇട്ടിക്കുന്നേൽ പറഞ്ഞു.കഴിഞ്ഞ ദിവസങ്ങളിൽ തിരുവനന്തപുരത്തും ബിഡിജെഎസ് ബിജെപിക്കെതിരെ രംഗത്തെത്തിയിരുന്നു. കോർപറേഷനിൽ ഒറ്റയ്ക്ക് മത്സരിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു.

# തെക്കൻ കുരിശുമല മഹാതീർഥാടനം സംഘാടക സമിതി രൂപീകരിച്ചു

വെള്ളറട: പ്രസിദ്ധ തീർഥാടന കേന്ദ്രമായ തെക്കൻ കുരിശുമലയിലെ 69-ാമത് തീർഥാടനത്തിന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. 2026 മാർച്ച് 15 മുതൽ 22 വരെ ഒന്നാംഘട്ട തീർഥാടനവും ഏപ്രിൽ രണ്ടു (പെസഹാ വ്യാഴം) ഏപ്രിൽ മൂന്ന് (ദുഃഖവെള്ളി) തീയതികളിൽ രണ്ടാംഘട്ട തീർഥാടനവും നടക്കും. കുരിശുമല സംഗമ വേദിയിൽ നടന്ന പൊതുയോഗത്തിൽ കേരളത്തിലും തമിഴ് നാട്ടിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.'വിശുദ്ധ കുരിശ് നിത്യ ജീവന്റെ കവാടം എന്നതാണു തീർഥാടനസന്ദേശം. തീർഥാടന കേന്ദ്രം ഡയറക്ടർ മോൺ. ഡോ. വിൻസൻറ് കെ. പീറ്റർ യോഗം ഉദ്ഘാടനം ചെയ്തു. 301 പേരടങ്ങുന്ന സംഘാടക സമിതിയേയും യോഗം തെരഞ്ഞെടുത്തു. എസ്. ജയന്തി സ്വാഗതവും പി.വി. പ്രസാദ് നന്ദിയും പറഞ്ഞു.

മോൺ. ഡോ. വിൻസൻറ് കെ. പീറ്റർ - ജനറൽ കൺവീനർ, ഫാ. ജോസഫ് അനിൽ, ഫാ. ബെന്നി ലൂക്കാസ് - ജോയിൻറ് ജനറൽ കൺവീനർ, സി.കെ. ഹരീന്ദ്രൻ എം.എൽ.എ, ഡോ. താരാഹൈ കത്ബർട്ട് എംഎൽഎ - ചെയർമാന്മാർ, ടി.ജി. രാജേന്ദ്രൻ - ജനറൽ കോ-ഓർഡിനേറ്റർ, എസ്.എൻ. പ്രജിത്ത് - സെക്രട്ടറി. ലിറ്റർജി: ഫാ. ജെറാൾഡ് മത്യാസ് - ചെയർമാൻ, ലൂയീസ് ഉപദേശി, സേവ്യർ ആറുകാണി - കൺവീനർ, പ്രോഗ്രാം: ഫാ. അരുൺ പി. ജിത്ത് - ചെയർമാൻ, പി.വി. പ്രസാദ്, റോബിൻ രാജ് - കൺവീനർ), വോളൻറിയേഴ്സ്: ഫാ. അരുൺകുമാർ - ചെയർമാൻ, ഷൈജു, ദേവരാജൻ ആറുകാണി - കൺവീനർ, ഹെൽത്ത്: ഫാ. ഫ്രാങ്ക്ളിൻ - ചെയർമാൻ, ജോസ്, ജോയ് -കൺവീനർ, പബ്ലിസിറ്റി: ഫാ. ജിബിൻ ദാസ് - ചെയർമാൻ, അജിത്ത്, റെജി - കൺവീനർ,

മീഡിയ: മോൺ. ഡോ. വിൻസൻറ് കെ.പീറ്റർ -ചെയർമാൻ, ഷാഹുൽ, തോമസ് പത്തുകാണി, സത്യരാജ് - കൺവീനർ, ഫുഡ് : ഫാ. സുരേഷ് ബാബു -ചെയർമാൻ, ബിജു, അനിൽകുമാർ ആറുകാണി - കൺവീനർ, ലൈറ്റ് ആൻഡ് സൗണ്ട്: ഫാ. സുജിൻ - ചെയർമാൻ, രാഹുൽ, ജ്ഞാനദാസ് പത്തുകാണി - കൺവീനർ, പോലീസ് ആൻഡ് ഗതാഗതം: ഫാ. റോബിൻ സി. പീറ്റർ -ചെയർമാൻ, ജോസ്, ദേവരാജൻ -കൺവീനർ, വാട്ടർ: ഫാ. സെബാസ്റ്റ്യൻ മൈക്കിൾ -ചെയർമാൻ, ജോയി, ജസ്റ്റിൻ രാജ് -കൺവീനർ, വുമൺ ആൻഡ് ചൈൽഡ് : സിസ്റ്റർ റീനാ തോമസ് - ചെയർമാൻ, ഷീജ ജെ.എം, തങ്കം - കൺവീനർ, ഫുഡ് ആൻഡ് സേഫ്റ്റി : ഫാ. എം.കെ. ക്രിസ്തുദാസ് - ചെയർമാൻ, ജ്ഞാനദാസ്, വിക്ടർ പത്തുകാണി - കൺവീനർ,

ഗ്രീൻ മിഷൻ: ഫാ. രമേഷ് - ചെയർമാൻ, പ്രദീപ് രാജ്, സി.എൻ. ഷാജി - കൺവീനർ, ഓർക്കസ്ട്ര: ഫാ. ഷാജ്കുമാർ -ചെയർമാൻ, ജോസ് പ്രകാശ് - കൺവീനർ, കോൺക്ലേവ്: മേജർ സാം പി. വർഗീസ്, ഫാ. സി. അനു- ചെയർമാൻ, ടി.ജി. രാജേന്ദ്രൻ, പ്രഫ. പ്രിൻസാ ലാലി -കൺവീനർ, റിസപ്ഷൻ: റവ. എം.ഒ. അഖിൽ -ചെയർമാൻ, എസ്. ജയന്തി, ബീന -കൺവീനർ, ക്ലീനിംഗ് ക്രിസ്തുദാസ്കുരിശുമല, സരോജം -കൺവീനർ, ഫിനാൻസ് ആൻഡ് ഡോക്കുമെൻറേഷൻ: മോൺ. ഡോ. വിൻസൻറ് കെ.പീറ്റർ - ചെയർമാൻ, ജോസ്, എസ്.എൻ. പ്രജിത്ത് - കൺവീനർ, നിത്യാരാധന ചാപ്പൽ: റവ. ഡോ. അലോഷ്യസ് - ചെയർമാൻ, നെറുക (വിശുദ്ധ കുരിശിന്റെ സന്നിധാനം) : ഫാ. അജീഷ് ക്രിസ്തു, ഫാ. ജസ്റ്റിൻ ഫ്രാൻസിസ് - ചെയർമാൻ, രവീന്ദ്രൻ ആനപ്പാറ - കൺവീനർ.

# കാലടി ദേവി നഗറിൽ പെൺവാണിഭം : അനാശാസ്യകേന്ദ്രം നടത്തിപ്പുകാരി ഉൾപ്പെടെ മൂന്നുപേരെ പൊലീസ് അറസ്റ്റുചെയ്തു

പേരൂർക്കട: പെൺവാണിഭവുമായി ബന്ധപ്പെട്ട് അനാശാസ്യ കേന്ദ്രം നടത്തിപ്പുകാരി ഉൾപ്പെടെ മൂന്നുപേരെ ഫോർട്ട് പോലീസ് അറസ്റ്റുചെയ്തു. കാലടി കിഴങ്ങുവിള ലെയിൻ ജി.ആർ. നിവാസിൽ ദീപ്തി (32), ഊക്കോട് വേവിള നഗർ മായ ഭവനിൽ ഉണ്ണികൃഷ്ണൻ (50), വെള്ളല്ലൂർ മേലേ പുത്തൻവീട്ടിൽ അനുരാജ് (32) എന്നിവരാണ് അറസ്റ്റിലായത്.

ഒരുമാസത്തിനു മുമ്പാണ് ദീപ്തി ഫോർട്ട് സ്റ്റേഷൻ പരിധിയിൽ കാലടി ദേവി നഗർ പണ്ടകശാലയ്ക്കു സമീപം വീട് വാടകയ്ക്കെടുത്ത് അനാശാസ്യ കേന്ദ്രം നടത്തിവന്നിരുന്നത്.

വീട്ടിലേക്ക് സ്ത്രീകളെ കൊണ്ടുവരികയും അനാശാസ്യത്തിനുവേണ്ടി വിവിധ ജില്ലകളിൽ നിന്നു പുരുഷന്മാരെ വിളിച്ചുവരുത്തുകയും ചെയ്തിരുന്നത് ദീപ്തിയാണ്. ഇതിന് ഇവർക്ക് എല്ലാവിധ സഹായവും ഒത്താശയും ചെയ്തുകൊടുത്തിരുന്നത് പ്രദേശത്തെ ചില ഗുണ്ടകളാണെന്നും ഇവരെക്കുറിച്ച് അന്വേഷണം നടത്തിവരുന്നുണ്ടെന്നും ഫോർട്ട് പോലീസ് അറിയിച്ചു.

സ്ത്രീകളുടെ ഫോട്ടോയും ഓരോരുത്തർക്കുമുള്ള വ്യത്യസ്ത റേറ്റുകളും പുരുഷന്മാരായ കസ്റ്റമേഴ്സിന് അയച്ചുകൊടുത്തശേഷം അവരെ വാടകവീട്ടിലേക്ക് വിളിച്ചുവരുത്തുകയാണ് ചെയ്തിരുന്നത്. കിട്ടുന്ന തുകയിൽനിന്ന് ഒരുവിഹിതം ദീപ്തി സ്വന്തമാക്കും.

കാഷ് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള ക്യൂആർ കോഡുകൾ പോലീസ് പിടിച്ചെടുത്തിട്ടുണ്ട്.ദീപ്തിയുടെ മൊബൈൽ ഫോണുകൾ പരിശോധിച്ചതിൽ നിന്ന് സ്ത്രീകളുടെ ഫോട്ടോകൾ, റേറ്റും സമയവും വ്യക്തമാക്കുന്ന സ്ക്രീൻ ഷോട്ടുകൾ തുടങ്ങിയവ ലഭിക്കുകയായിരുന്നു. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് എത്തിയപ്പോൾ അനാശാസ്യ കേന്ദ്രത്തിൽനിന്ന് ഒരു സ്ത്രീ ഇറങ്ങിപ്പോയിരുന്നുവെന്നും ഇവരെക്കുറിച്ചുള്ള അന്വേഷണം നടന്നുവരുന്നുണ്ടെന്നും ഫോർട്ട് സിഐ എസ്.ബി പ്രവീൺ പറഞ്ഞു.

എസ്ഐമാരായ അനു എസ്. നായർ, സിബിൻ, സുരേഷ്, എസ്സിപിഒമാരായ ശ്രീവിശാഖ്, ശ്രീജിത്ത്, സിപിഒമാരായ പ്രിയങ്ക, അഞ്ജലി എന്നിവരും അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നു. അറസ്റ്റിലായ പ്രതികളെ കോടതി റിമാൻഡ് ചെയ്തു.

# റോഡ് ചെളിക്കളം: തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാനൊരുങ്ങി നാട്ടുകാർ

പൂവച്ചൽ: റോഡ് ചെളിക്കളം. ഇലക്ഷൻ ബഹിഷ്കരിക്കാൻ ഒരുങ്ങി നാട്ടുകാർ. ആനാവൂർ ഊട്ടുപറമ്പ് റോഡ് ചെളിക്കുളമായ തിൽ പ്രതിഷേധിച്ചാണു പ്രദേശവാസികൾ ബഹിഷ്കരണത്തിനൊരുങ്ങുന്നത്.

മഴ തുടങ്ങിയതോടെ റോഡിലൂടെ യാത്ര ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. ഇവിടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടും വർഷങ്ങളാവുന്നു. സ്കൂൾ തുറന്നതോടെ ആനാവൂർ സ്കൂളിലേക്ക് കാൽനടയായി പോകുന്ന കുട്ടികളും ഏറെ ദുരിതത്തിലാണ്. ഇരുചക്രവാഹന യാത്രക്കാരാണ് കൂടുതൽ ദുരിതം അനുഭവിക്കുന്നത്.റോഡ് പൂർണമായും തകർന്നതിനെത്തുടർന്ന് കുഴികളിൽ വെള്ളം കെട്ടിനിൽക്കുന്നത് അപകടങ്ങൾക്കും കാരണമാവുന്നുണ്ട്. ഇതുവഴി ഓട്ടോ അടക്കമുള്ള ടാക്സി വാഹനങ്ങൾ വരാറില്ല. റോഡിന്റെ അവസ്ഥ കാരണം അവരും ഇതുവഴിയുള്ള യാത്ര നിറുത്തിയതോടെ വലയുന്നതു പ്രദേശവാസികളാ ണ്. അടിയന്തരമായി റോഡിന്റെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കണ്ടില്ലെങ്കിൽ സമരപരിപാടികൾ സംഘടിപ്പിക്കുമെന്നും നാട്ടുകാർ പറയുന്നു.പഞ്ചായത്തിന്റെ റോഡാണിത്. വർഷങ്ങളായി ഇവിടെ പേരിനുപോലും അറ്റകുറ്റപണികൾ നടത്താറില്ല. നാട്ടുകാരുടെ നിവേദനത്തിന്റെയും സമരത്തിന്റെയും പശ്ചാത്തലത്തിലാണ് ഇവിടെ റോഡ് വന്നത്. നാട്ടുകാർ റോഡിനായി സ്ഥലംവരെ വീട്ടുനൽകിയിരുന്നു. തുടർന്ന് റോഡ് പഞ്ചായത്ത് ഏറ്റെടുത്തു.പഞ്ചായത്ത് റോഡായതിനാൽ എംഎൽഎ ഫണ്ട് ഉപയോഗിക്കാനും കഴിയില്ല. ജില്ലാ പഞ്ചായത്ത് ഫണ്ടുപോലും അനുവദിക്കാറില്ല. പലപ്പോഴും ഒരു ഇലക്ഷൻ വാഗ്ദാനമാണ് ഈ റോഡിന്റെ നവീകരണം. ഇക്കുറിയും അതായിരുന്നു വാഗ്ദാനം. എന്നാൽ അതിൽ വിശ്വാസമില്ലാതെ നാട്ടുകാർ പ്രതിഷേധത്തിലുമാണ്.

## പടക്ക നിർമാണശാലയിൽ തീപിടിത്തം: മൂന്നു തൊഴിലാളികൾക്ക് പരിക്കേറ്റു

പാലോട്‌ന്മ നന്ദിയോട് പേരയം താളിക്കുന്നിൽ പടക്കനിർമാണ ശാലയിൽ തീ പിടിച്ചു മൂന്നു തൊഴിലാളികൾക്ക് പരിക്കേറ്റു. താളിക്കുന്ന് തടത്തരികത്ത് വീട്ടിൽ ഷീബ (39), ആനകുളം മഞ്ചു വിലാസത്തിൽ മഞ്ചു (35), താളിക്കുന്ന് തടത്തരികത്ത് വീട്ടിൽ അജിത (52) എന്നിവർക്കാണ് പരിക്കേറ്റത്. ഇവർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഷെഡിനു പുറത്തു നിൽക്കുകയായിരുന്ന ശ്രീമതി ശബ്ദംകേട്ട് നിലത്തുവീണു. എന്നാൽ പരിക്കില്ല. ഷീബയ്ക്ക് സാരമായ പൊള്ളലേറ്റിട്ടുണ്ട്. ഷീറ്റ് മേഞ്ഞ ഷെഡിന്റെ മേൽക്കൂര അടക്കം തകർന്നു.അജിത്കുമാറിന്റെ ഉടമസ്ഥതയിലുള്ള പടക്കനിർമാണ കേന്ദ്രത്തിൽ ഇന്നലെ രാവിലെ ഒൻപതോടെയായിരുന്നു സംഭവം. ഓലപ്പടക്കത്തിനുള്ള തിരി തയാറാക്കുന്നതിനിടെ തീപ്പൊരിയുണ്ടായി ഷെഡിലിരുന്ന മരുന്നിലേക്ക് പടർന്ന് ഉഗ്രശബ്ദത്തോടെ പൊട്ടിത്തെറിക്കുകയായിരുന്നു. പരിക്കേറ്റവരെ നാട്ടുകാരാണ് ആശുപത്രിയിലെത്തിച്ചത്. പാലോട് പോലീസും വിതുര ഫയർ ഫോഴ്സും സ്ഥലത്തെത്തി. പാലോട് പോലീസ് കേസെടുത്തു.

## 76 കാരിയുടെ കൈ അടിച്ചൊടിച്ചു: പ്രതിയെ പിടികൂടുന്നില്ലെന്ന് പരാതി

വെള്ളറട : 76 കാരിയുടെ കൈ അടിച്ചൊടിച്ച സംഭവത്തിൽ പ്രതിയെ പിടികൂടുന്നില്ലെന്ന് പരാതി. കാക്കതൂക്കി നിരപ്പിൽ ഷാജി ഭവനിൽ ഓമന (76)യുടെ കൈയാണ് അടിച്ചൊടിച്ചത്. ഇത് സംബന്ധിച്ചുള്ള പരാതി വെള്ളറട പോലീസിൽ നൽകിയെങ്കിലും ആദ്യം പോലീസ് കേസ് എടുക്കാൻ തയാറായില്ലെന്നു പരാതിയുണ്ട്.സമീപവാസിയായ അജിൻ ജിത്തു ഭവനിൽ അജിൻ ജിത്ത് (23) ആണ് വയോധികയുടെ കൈ അടിച്ചൊടിച്ചതെന്നു പോലീസിൽ നൽകിയ പരാതിയിൽ പറയുന്നു. ദീർഘനാളായി ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ ഓമന വീട്ടിലെത്തി. സ്വന്തമായുള്ള കാര്യങ്ങൾ പോലും നിറവേറ്റാൻ കഴിയാത്ത സാഹചര്യത്തിലാണ് ഇവരിപ്പോൾ.എന്നാൽ അക്രമി വയോധികയുടെ വീടിനു മുന്നിൽകൂടി നടന്നിട്ടും പോലീസ് കണ്ണടയ്ക്കുന്നു എന്നുള്ളതാണ് പരാതി. തുടർന്ന് മുഖ്യമന്ത്രിക്കു പരാതി നൽകാനുള്ള ഒരുക്കത്തിലാണു വയോധിക. എത്രയും വേഗം അക്രമിയെ പിടികൂടി പോലീസ് നിയമനടപടികൾ സ്വീകരിക്കുകയും ചികിത്സാ ചെലവ് ഉൾപ്പെടെ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുള്ളതാണ് പരാതി.

## ചത്തീസ്ഗഡ് സ്വദേശി കുഴഞ്ഞുവീണ് മരിച്ചു

മെഡിക്കൽകോളജ്: ചത്തീസ്ഗഡ് സ്വദേശിയായ യുവാവ് കുഴഞ്ഞുവീണ് മരിച്ചു. ജാഷ്പൂർ ജില്ലയിൽ പത്രാറ്റോളി വില്ലേജിൽ ദിനേശ് ബെസ്രയുടെ മകൻ പ്രദീപ്കുമാർ ബെസ്ര (30) യാണു മരിച്ചത്.ഇന്നലെ രാവിലെ 10 ഓടുകൂടി പ്രദീപ്കുമാറിനെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിക്കു സമീപത്തെ ഫുട്പാത്തിൽ കുഴഞ്ഞുവീണ് അവശനിലയിൽ കണ്ടെത്തുകയായിരുന്നു.

ഉടൻതന്നെ പോലീസ് എത്തി ഇയാളെ തിരുവനന്തപുരം മെഡിക്കൽകോളജ് ആശുപത്രിയിലെത്തിച്ചുവെങ്കിലും രക്ഷിക്കാനായില്ല. മൃതദേഹം ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

## വെള്ളനാട് ഹോമിയോ ആശുപത്രിക്കും മൃഗാശുപത്രിക്കും കെട്ടിടം

നെടുമങ്ങാട്: വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന വെള്ളനാട് ഹോമിയോ ആശുപത്രിക്കും മൃഗാശുപത്രിക്കും പുതിയ കെട്ടിടമായി. വെള്ളനാട് പഞ്ചായത്ത് നിർമിച്ച ഉമ്മൻചാണ്ടി മിനി ടൗൺഹാളിന്റെ താഴത്തെ നിലയിലാണ് ആശുപത്രികളൊരുക്കിയിരിക്കുന്നത്. ജി. സ്റ്റീഫൻ എംഎൽഎ ഉദ്ഘാടനം ചെയ് തു.പഞ്ചായത്ത് വൈസ് പ്രസിഡൻറ് വെള്ളനാട് ശ്രീകണ്ഠൻ അധ്യക്ഷനായി. പഞ്ചായത്തംഗങ്ങളായ കടുവാകുഴി ബിജുകുമാർ, വി.എസ്. ശോഭൻ കുമാർ, എൽ. ആശാമോൾ, എൽ.പി. മായാദേവി, ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർ, ഡോ. പ്രിൻസി സെബാസ്റ്റ്യൻ, വെറ്ററിനറി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എസ്. രമ, പഞ്ചായത്ത് സെക്രട്ടറി എൽ. സിന്ധു എന്നിവർ പ്രസംഗിച്ചു.

# ശബരിമല സ്വർണക്കൊള്ളയിൽ അഴിമതി നിരോധനവകുപ്പ് കൂടി ചുമത്തി

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ അഴിമതി നിരോധന വകുപ്പ് കൂടി ചുമത്തി എസ്ഐടി. എസ്ഐടി ചൊവ്വാഴ്ച പത്തനംതിട്ട കോടതിയിലാണ് അധിക റിപ്പോർട്ട് നൽകിയത്.സർക്കാർ ഉദ്യോഗസ്ഥരായ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരും പ്രതിനിധികളും അഴിമതി നടത്തിയെന്ന് എസ്ഐടി പറയുന്നു. കേസ് കൊല്ലം വിജിലൻസ് കോടതിയിലേക്ക് മാറ്റാനാണ് തീരുമാനം.പിസി ആക്റ്റ് ചുമത്തിയ സാഹചര്യത്തിലാണ് കേസ് റാന്നിയിൽ നിന്നും കൊല്ലം കോടതിയിലേക്ക് മാറ്റുന്നത്.